(സി) ഇപ്രകാരം കടപ്പത്രം മുഖേന ലഭിക്കുന്ന തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് ; ഈ കടപ്പത്രത്തിന്റെ പലിശയും കാലയളവും വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ (16-5-2011-ലെ കണക്കുകൾ പ്രകാരം) 1963.47 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപം ഉണ്ടായിരുന്നു. റിസർവ്വ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 31-1-2013-ൽ ഇത് 4753.47 കോടി രൂപയാണ്.

(ബി) വകുപ്പുതല കണക്കുപ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2013 വരെ 19230 കോടി രൂപയുടെ കടപ്പത്രം പുറത്തിറക്കിയിട്ടുണ്ട്. കടപ്പത്രമിറക്കാൻ റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമില്ല.

(സി) കടപ്പത്രം മുഖേന ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ വിനിയോഗിക്കുന്നത്. ഈ സർക്കാർ 31-12-2012 വരെ എടുത്തിട്ടുള്ള കടപ്പത്രങ്ങളുടെ കാലാവധി 10 വർഷമാണ്. പലിശ നിരക്കിന്റെ വെയ്റ്റഡ് ആവറേജ് 2011-12-ൽ 8.81%-ഉം 2012-13-ൽ 8.96%-ഉം ആകുന്നു.

**ഫിനാൻസ് പ്രൊഫൈൽ അക്കൗണ്ട്സ് സ്റ്റേറ്റുമെന്റ്**

238 (592) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2004-05 മുതൽ 2012-13 വരെയുള്ള സംസ്ഥാനത്തിന്റെ ഫിനാൻസ് പ്രൊഫൈൽ അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

**ഉത്തരം**

2004-05 മുതൽ 2011-12 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന സർക്കാരിന്റെ കണക്കുകളുടെ സംക്ഷിപ്ത രൂപം അടങ്ങുന്ന സ്റ്റേറ്റുമെന്റ് അനുബന്ധമായി നൽകുന്നു.* 2012-13 സാമ്പത്തിക വർഷത്തെ കണക്കുകൾ നടപ്പുസാമ്പത്തിക വർഷാവസാനത്തിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

**സാമ്പത്തിക ഉത്തരവാദിത്വ നിയമം**

239 (593) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വരുമാന ടാർജറ്റ് എത്രയായിരുന്നു ; വരുമാനത്തിൽ എത്ര ശതമാനം വളർച്ചയുണ്ടായി ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly